003880

കേരള സർക്കാർ

സംഗ്രഹം

പൊതു വിദ്യാഭ്യാസം - ഹയർ സെക്കന്ററി വിദ്യാഭ്യാസം - പരീക്ഷ - ഗ്രേസ് മാർക്ക് - പരിധി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

===========================================================================

പൊതുവിദ്യാഭ്യാസ (യു) വകുപ്പ്

സ.ഉ. (സാധാ.)നം.650/14/പൊ.വി                                    തീയതി, തിരുവനന്തപുരം 07/02/2014

===========================================================================

പരാമർശം: ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറുടെ 05/08/2013-ലെ ഇ എക്സ് I (2)/ബിഎം/2013/എച്ച് എസ്ഇ നമ്പർ കത്ത്.

ഉത്തരവ്

ഹയർ സെക്കന്ററി കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിവിധ ഇനങ്ങൾക്ക് ഗ്രേസ് മാർക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് താഴെപറയുന്ന പ്രശ്നങ്ങളുള്ളതായി ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ പരാമർശത്തിലെ കത്തിലൂടെ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

(i) നിലവിലെ രീതിയിൽ, അക്കാദമിക മികവു പുലർത്തുന്നവരേക്കാൾ ഉയർന്ന സ്കോറുകൾ 'എക്സ്ട്രാകരിക്കുലർ ആക്ടിവിറ്റി' കളിൽ പങ്കെടുക്കുന്നവർക്ക് ഗ്രേസ് മാർക്കിലൂടെ ലഭിക്കുന്നു.

(ii) ഉന്നതപഠനത്തിന് പരിഗണിക്കുമ്പോൾ ഗ്രേസ് മാർക്കിലൂടെ കൂടുതൽ മാർക്കുലഭിച്ചവർ, മികച്ച അക്കാദമിക് നിലവാരമുള്ളവരെ അപേക്ഷിച്ച് മുന്നിലെത്തുന്നു.

(iii) പ്ലസ് വൺ/പ്ലസ് ടു പരീക്ഷകൾക്ക് ഗ്രേസ് മാർക്ക് നേടാൻ വേണ്ടി മാത്രം വിവിധ ഇനങ്ങളിൽ വിദ്യാർത്ഥികൾ പങ്കെടുക്കുന്ന പ്രവണത ഏതാനും വർഷങ്ങളായി ക്രമാനുഗതം വർദ്ധിച്ചുവരികയാണ്.

(iv) പ്ലസ് ടു തലത്തിൽ ഗ്രേസ് മാർക്ക് ലഭിക്കുന്ന വിദ്യാർത്ഥികൾക്കുതന്നെ ഉപരിപഠനത്തിന് പരിഗണിക്കുമ്പോൾ 'എക്സ്ട്രാകരിക്കുലർ ആക്ടിവിറ്റി' പരിഗണനയിലൂടെയും വെയ്റ്റേജ് നൽകി വരുന്നുണ്ട്. ഇത് രണ്ടുതവണ ഒരേ ഇനത്തിന് പ്രയോജനം ലഭിക്കുവാൻ ഇടയാകുന്നു. ഇത് അക്കാദമിക് മികവു പുലർത്തുന്നവരെ പ്രതികൂലമായി ബാധിക്കുന്നതാണ്.

(2) മേൽ സാഹചര്യങ്ങൾ പരിഗണിച്ച് 2014 മാർച്ചിലെ പരീക്ഷ മുതൽ പ്ലസ് വൺ വിദ്യാർത്ഥികൾക്കും പ്ലസ് ടു വിദ്യാർത്ഥികൾക്കും ബാധകമാകുന്ന രീതിയിൽ ഗ്രേസ് മാർക്കിലൂടെ ഒരു വിദ്യാർത്ഥിക്ക് ലഭിക്കാവുന്ന ആകെ സ്കോർ 90% ആയി നിജപ്പെടുത്തണമെന്നും ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2014 മാർച്ചിലെ പൊതു പരീക്ഷ മുതൽ ഗ്രേസ് മാർക്കിലൂടെ ഒരു പ്ലസ് വൺ/ പ്ലസ് ടു വിദ്യാർത്ഥിക്ക് ലഭിക്കാവുന്ന ആകെ സ്കോർ 90% ആയി നിജപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പി.എം.തോമസ്,**
ഗവൺമെന്റ് അഡീഷണൽ സെക്രട്ടറി.

ഡയറക്ടർ, ഹയർ സെക്കന്ററി വിദ്യാഭ്യാസം, തിരുവനന്തപുരം.
ജോയിന്റ് ഡയറക്ടർ (പരീക്ഷാവിഭാഗം), ഹയർ സെക്കന്ററി വിദ്യാഭ്യാസം, തിരുവനന്തപുരം.
ജോയിന്റ് ഡയറക്ടർ (അക്കാദമികം), ഹയർ സെക്കന്ററി വിദ്യാഭ്യാസം, തിരുവനന്തപുരം.
എല്ലാ ഹയർ സെക്കന്ററി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം)
ഇൻഫർമേഷൻ ആഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് ( സർക്കാർ വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുവാനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
(signature)
സെക്ഷൻ ഓഫീസർ

Endt. No. Ex I(2)/BM/2013/HSE , dated 03.03.2014

Communicated to all concerned for information

Sd/-
Secretary,
Board of Higher Secondary Examination,
Kerala,
Thiruvananthapuram